# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ .ഡി .എഫ് VIII - തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് - പൂവഞ്ചുമാട് - പുകയൂർ റോഡ് പ്രവൃത്തിയ്ക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു .

തദ്ദേശ സ്വയംഭരണ (ഡി .ഡി ) വകുപ്പ്

G.O.(Rt)No. 455/2018/LSGD തീയതി, തിരുവനന്തപുരം, 15/02/2018

പരാമർശം:- 19.06.2015, 21/3/2015 എന്നീ തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ 7063/ആർ & ഐ 3/05/സിആർഡി. നമ്പർ കത്തുകൾ.

## ഉത്തരവ്

നബാർഡ് ആർ.ഐ .ഡി .എഫ് VIII -ൽ ഉൾപ്പെട്ട തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ പൂവഞ്ചുമാട് - പുകയൂർ റോഡിന്റെ പ്രവൃത്തിക്ക് നബാർഡ് അംഗീകരിച്ച തുക 74.10 ലക്ഷം രൂപയും ഇതിലെ ആർ.ഐ .ഡി .എഫ് വിഹിതം 66.69 ലക്ഷം രൂപയും ആണ് . പ്രസ്തുത പ്രവൃത്തിക്ക് സ്റ്റാർട്ട് അപ്പ് അഡ്വാൻസ് ആയി അനുവദിച്ച 20.01 ലക്ഷം രൂപ പൂർണ്ണമായും പദ്ധതിക്ക് വേണ്ടി വിനിയോഗിച്ചു. ബാക്കി തുകയുള്ള (54.09 ലക്ഷം ) റീ - ഇമ്പേഴ്സ്മെന്റ് ക്ലെയിമുകൾ ബ്ലോക്ക് പഞ്ചായത്ത് സമർപ്പിക്കുകയും പ്ലാൻ ഫണ്ടിൽ നിന്നും പ്രസ്തുത തുക ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ നബാർഡ് റിലീസ് ലഭിച്ചപ്പോൾ പുതിയ പ്രോജക്ട് യഥാസമയം വയ്ക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് തുക കൈപ്പറ്റാനായില്ല. അതിനാൽ പ്രസ്തുത പ്രവർത്തിക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 54.09 ലക്ഷം രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നല്കണമെന്ന് പരാമർശ കത്തുകൾ പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ കത്തുകളിൽ ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ നബാർഡ് ആർ .ഐ ഡി .എഫ് VIII -ൽ ഉൾപ്പെട്ട തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പൂവഞ്ചുമാട് - പുകയൂർ റോഡ് പ്രവൃത്തിയ്ക്ക് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും 54.09 ലക്ഷം രൂപ ചെലവഴിച്ച തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
DEPUTY SECRETARY

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം.
സെക്രട്ടറി , തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വെബ്സൈറ്റ് / ഡയറക്ടർ , ഇൻഫർമേഷൻ കേരളം മിഷൻ , തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid

Digitally signed by SHAJI T R
Date: 2018.[illegible] 10:41:36 IST
Reason: Approved

സെക്ഷൻ ഓഫീസർ